# ആത്യന്തികവിലയിരുത്തൽ - I 2025 - 2026

## മാതൃകാചോദ്യപേപ്പർ

## അടിസ്ഥാനശാസ്ത്രം


**ക്ലാസ് : 5** **സമയം : 2 മണിക്കൂർ 15 മിനിറ്റ്**

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **2, 4** എന്നീ ചോദ്യങ്ങൾക്ക് **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ **A, B** എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

**(1)**

ചിത്രം നോക്കൂ.



© State Assessment Cell SCERT Kerala

a) ചിത്രത്തിൽ നിന്നും ഏതെങ്കിലും 2 ആഹാര ശൃംഖലകൾ കണ്ടെത്തി എഴുതുക.

b) നിങ്ങൾ തയ്യാറാക്കിയ ആഹാരശൃംഖലകളിൽ ഓരോന്നിലെയും ആദ്യത്തെ കണ്ണി ഏത് ജീവിയാണ്? ഈ കണ്ണി ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു.?

c) താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ നോക്കൂ

i. മഞ്ഞ അരളിപ്പൂവിന് മഞ്ഞനിറം നൽകുന്ന വർണ്ണകമാണ് ആന്തോസയാനിൻ

ii. കാരറ്റിന് ഓറഞ്ച്നിറം നൽകുന്ന വർണ്ണകമാണ് സാന്തോഫിൽ

iii. ചുവന്ന റോസാപ്പൂവിന് ചുവപ്പുനിറം നൽകുന്ന വർണ്ണകമാണ് ആന്തോസയാനിൻ

iv. മഞ്ഞ ജമന്തി പൂവിനു മഞ്ഞനിറം നൽകുന്ന വർണ്ണകമാണ് സാന്തോഫിൽ

നൽകിയ പ്രസ്താവനകൾ പരിശോധിച്ച് ശരിയായ കൂട്ടം തെരഞ്ഞെടുത്തെഴുതുക

**A.** i, ii എന്നിവ ശരി

**B.** ii, iii എന്നിവ ശരി

**C.** iii, iv എന്നിവ ശരി

**D.** i, iv എന്നിവ ശരി

**(2A)**

ചുവന്നചീര പ്രകാശസംശ്ലേഷണം നടത്തുന്ന ഒരു സസ്യമാണ് എന്നാണ് ഒരു കുട്ടിയുടെ അഭിപ്രായം.

a) ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ടെന്ന് വിശദമാക്കുക.

b) നിങ്ങളുടെ അഭിപ്രായം തെളിയിക്കുന്നതിന് ഒരു പരീക്ഷണം രൂപകൽപ്പന ചെയ്യുക.

c) താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

I. സസ്യങ്ങൾ പ്രകാശസംശ്ലേഷണ സമയത്ത് ഓക്സിജൻ സ്വീകരിക്കുകയും ശ്വസനസമയത്ത് കാർബൺ ഡൈ ഓക്സൈഡ് പുറത്തു വിടുകയും ചെയ്യുന്നു.

© State Assessment Cell - SCERT Kerala

II. സസ്യങ്ങൾ പ്രകാശസംശ്ലേഷണ സമയത്ത് കാർബൺ ഡൈ ഓക്സൈഡ് പുറത്തുവിടുകയും ശ്വസനസമയത്ത് കാർബൺ ഡൈഓക്സൈഡ് സ്വീകരിക്കുകയും ചെയ്യുന്നു.

III. സസ്യങ്ങൾ പ്രകാശസംശ്ലേഷണ സമയത്ത് കാർബൺ ഡൈഓക്സൈഡ് പുറത്തുവിടുകയും ശ്വസനസമയത്ത് ഓക്സിജൻ സ്വീകരിക്കുകയും ചെയ്യുന്നു.

IV. സസ്യങ്ങൾ പ്രകാശസംശ്ലേഷണ സമയത്ത് കാർബൺ ഡൈഓക്സൈഡ് സ്വീകരിക്കുകയും ശ്വസനസമയത്ത് ഓക്സിജൻ സ്വീകരിക്കുകയും ചെയ്യുന്നു.

**A.** പ്രസ്താവന I, II ശരി

**B.** പ്രസ്താവന II മാത്രം ശരി

**C.** പ്രസ്താവന III, IV ശരി

**D.** പ്രസ്താവന IV മാത്രം ശരി

**അല്ലെങ്കിൽ**

**(2B)**

ചിത്രങ്ങൾ നിരീക്ഷിക്കൂ.


ചിത്രം 1


ചിത്രം 2


ചിത്രം 3

ചിത്രത്തിൽ നൽകിയിരിക്കുന്ന സസ്യങ്ങളെല്ലാം മറ്റു സസ്യങ്ങളെ ആശ്രയിച്ചു വളരുന്നവയാണ്.

a) ഇവയിൽ അർധപരാദം, പൂർണ്ണപരാദം, എപ്പിഫൈറ്റ് എന്നിവ ഏതെല്ലാമെന്ന് കണ്ടെത്തി സസ്യങ്ങളുടെ പേരെഴുതുക.

b) മരവാഴയുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ശ്രദ്ധിക്കൂ.

© State Assessment Cell - SCERT Kerala

I. മരവാഴയുടെ തടിച്ചവേരുകൾ മരവാഴയെ മരത്തിൽ പറ്റിപ്പിടിച്ചു നിർത്താൻ സഹായിക്കുന്നു.

II. മരവാഴയുടെ ചെറിയ വേരുകൾ അന്തരീക്ഷത്തിൽ നിന്ന് ഈർപ്പം വലിച്ചെടുക്കാൻ മരവാഴയെ സഹായിക്കുന്നില്ല.

**A.** പ്രസ്താവന I, II എന്നിവ ശരിയാണ്.

**B.** പ്രസ്താവന I, II എന്നിവ തെറ്റാണ്

**C.** പ്രസ്താവന I ശരിയും II തെറ്റുമാണ്

**D.** പ്രസ്താവന I തെറ്റും II ശരിയുമാണ്

c) ഇത്തിൾകണ്ണിക്ക് പച്ചനിറം ഉണ്ടെങ്കിലും അതിനെ അർധപരാദം എന്ന് വിളിക്കാൻ കാരണമെന്ത്?

**(3)**

a) വിവിധ തരത്തിലുള്ള രോഗങ്ങളുടെ പേരുകളാണ് ചുവടെ നൽകിയിരിക്കുന്നത്. ഈ രോഗങ്ങളെ അനുയോജ്യമായ രീതിയിൽ പട്ടികപ്പെടുത്തുക.

ക്ഷയം, കാൻസർ, ടൈഫോയിഡ്, കുഷ്ഠം,
തലവേദന, പ്രമേഹം, പല്ലുവേദന

b) കൊതുക് പെരുകുന്നത് തടയാനുള്ള വിവിധ മാർഗ്ഗങ്ങൾ എഴുതുക.

c) താഴെ തന്നിരിക്കുന്ന പ്രസ്താവനയും അതിനുള്ള കാരണവും പരിശോധിച്ച് ശരിയായത് കണ്ടെത്തി എഴുതുക.

**പ്രസ്താവന:** ആഹാരത്തിലൂടെയും ജലത്തിലൂടെയും പകരുന്ന രോഗമാണ് ടെറ്റനസ്.

**കാരണം:** ശരീരത്തിലെ മുറിവുകൾ മലിനജലവുമായി സമ്പർക്കത്തിൽ വരുന്നതാണ് ഈ രോഗത്തിന് കാരണം

© State Assessment Cell - SCERT Kerala

**A.** പ്രസ്താവനയും കാരണവും ശരിയാണ്.

**B.** പ്രസ്താവന ശരിയും കാരണം തെറ്റുമാണ്.

**C.** പ്രസ്താവന തെറ്റും കാരണം ശരിയുമാണ്.

**D.** പ്രസ്താവനയും കാരണവും തെറ്റാണ്.

**(4A)**

a) മണ്ണിലൂടെയും മലിനജലത്തിലൂടെയും ധാരാളം രോഗങ്ങൾ പകരുന്നു. രോഗങ്ങൾ ഇത്തരത്തിൽ പകരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

b) മനുഷ്യർക്കു മാത്രമല്ല മറ്റു ജന്തുക്കൾക്കും സസ്യങ്ങൾക്കും രോഗങ്ങൾ പടർന്നു പിടിക്കാറുണ്ട്. ജന്തുക്കളെയും സസ്യങ്ങളെയും ബാധിക്കുന്ന രണ്ട് പകർച്ചവ്യാധികൾ വീതം എഴുതുക.

c) ചുവടെ നൽകിയിരിക്കുന്ന പട്ടിക ശ്രദ്ധിക്കൂ. വിവിധ രോഗങ്ങളും അവ പകരുന്ന വിധവുമാണ് പട്ടികയിൽ നൽകിയിരിക്കുന്നത്.

| രോഗം | പകരുന്ന വിധം |
|---|---|
| 1. ക്ഷയം | i. കൊതുകുകൾ വഴി |
| 2. കുഷ്ഠം | ii. വായുവിലൂടെ |
| 3. ഡെങ്കിപ്പനി | iii. മണ്ണിലൂടെ |
| 4. വിരശല്യം | iv. രോഗബാധിതരുമായുള്ള സമ്പർക്കം മൂലം |

താഴെ നൽകിയിരിക്കുന്നവയിൽ ഏതാണ് ശരിയായ രീതിയിൽ ക്രമപ്പെടുത്തിയിരിക്കുന്നത്.

**A.** 1 – i, 2 – ii, 3 – iii, 4 – iv

**B.** 1 – ii, 2 – iii, 3 – iv, 4 – i

**C.** 1 – iv, 2 – ii, 3 – i, 4 – iii

**D.** 1 – ii, 2 – iv, 3 – i, 4 – iii

© State Assessment Cell - SCERT Kerala

**അല്ലെങ്കിൽ**

**(4 B)**

a) ഒരു പ്രദേശത്തെ രണ്ട് കുട്ടികൾക്ക് ഒരു പകർച്ചവ്യാധി ബാധിക്കുകയുണ്ടായി. രണ്ടുപേർക്കും പകർച്ചവ്യാധിക്കെതിരെ മരുന്നുകൾ കഴിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഒരാൾക്കുമാത്രമേ രോഗം മൂർച്ഛിച്ചുള്ളൂ. എന്തുകൊണ്ടാവും ഒരാൾക്കുമാത്രം രോഗം മൂർച്ഛിച്ചത്?

b) രോഗിയുമായുള്ള സമ്പർക്കംമൂലം പകരുന്ന ഒരു രോഗമാണ് ചെങ്കണ്ണ്. സമ്പർക്കത്തിലൂടെ പകരുന്ന രോഗങ്ങൾ വരാതിരിക്കാനുള്ള മുൻകരുതലുകൾ എന്തെല്ലാം?

- രോഗിയുമായുള്ള സമ്പർക്കം ഒഴിവാക്കുക.
- ..............................................................................................
- ..............................................................................................

c) താഴെ പറയുന്നവയിൽ നല്ല ആരോഗ്യശീലങ്ങളിൽ ഉൾപ്പെടാത്തവ ഏത്?

i. ഭക്ഷണത്തിനുശേഷം മാത്രമേ കൈ കഴുകാറുള്ളൂ.

ii. എല്ലാദിവസവും കുളിക്കാറുണ്ട്.

iii. പൊതുസ്ഥലങ്ങളിൽ തുപ്പാറില്ല.

iv. തുറന്നു വച്ചിരിക്കുന്ന ഭക്ഷണസാധനങ്ങൾ കഴിക്കാറുണ്ട്.

**A.** i, ii
**B.** ii, iii
**C.** iii, iv
**D.** i, iv

**(5)**

ജൈവവൈവിധ്യ ഉദ്യാനത്തിലെ ഒരു ബോർഡ് ആണ് ചുവടെ തന്നിരിക്കുന്നത്.

| |
|---|
| എല്ലാദിവസവും ചെടികൾക്ക് വെള്ളം ഒഴിക്കാൻ ശ്രദ്ധിക്കണം. |

© State Assessment Cell - SCERT Kerala

a) ജലം സസ്യങ്ങളിൽ നിർവഹിക്കുന്ന ധർമ്മങ്ങൾ എന്തെല്ലാം?

b) നിത്യജീവിതത്തിൽ ജലത്തിന്റെ പ്രത്യേകത പ്രയോജനപ്പെടുത്തുന്ന രണ്ട് സന്ദർഭങ്ങൾ എഴുതുക.

c) താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനയും അതിനുള്ള കാരണവും പരിശോധിച്ച് ശരിയായത് കണ്ടെത്തി എഴുതുക.

**പ്രസ്താവന:** നല്ല വിത്തുകൾ തെരഞ്ഞെടുക്കാനുള്ള ഒരു മാർഗം വിത്തുകൾ വെള്ളത്തിലിട്ട് നോക്കുക എന്നതാണ്.

**കാരണം:** കേടായ വിത്തുകൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നു

**A.** പ്രസ്താവനയും കാരണവും തെറ്റാണ്

**B.** പ്രസ്താവന ശരിയും കാരണം തെറ്റുമാണ്

**C.** പ്രസ്താവന തെറ്റും കാരണം ശരിയുമാണ്

**D.** പ്രസ്താവനയും കാരണവും ശരിയാണ്

**(6)**

വിവിധ ലായനികൾ നിർമ്മിക്കുന്നതിനായി കുട്ടികൾ ക്ലാസ്സിൽ കൊണ്ടുവന്ന വസ്തുക്കളാണ് ചുവടെ നൽകിയിരിക്കുന്നത്.

പഞ്ചസാര, ഉപ്പ്, വിനാഗിരി, ചക്കപ്പശ, പെയിന്റ്,
സോപ്പുപൊടി, അപ്പക്കാരം, മണ്ണെണ്ണ, ജലം,
വെളിച്ചെണ്ണ, പൊട്ടാസ്യം പെർമാംഗനേറ്റ്

a) ഇവയിൽ പലതും ലയിച്ചു ചേരുന്നവയും, ചിലത് ലായകവും ആണ്. ഇവയിൽ ഏതെങ്കിലും മൂന്ന് ലായകങ്ങൾ ഉപയോഗിച്ച് തയ്യാറാക്കാൻ കഴിയുന്ന മൂന്ന് ലായനികൾ കണ്ടെത്തി എഴുതുക. ഓരോ ലായനിയിലെയും ലീനവും ലായകവും ഉൾപ്പെടുത്തി പട്ടിക തയ്യാറാക്കുക.

b) സോഡാ വെള്ളത്തിൽ ഉപയോഗിച്ചിരിക്കുന്ന ലീനം ഏതാണെന്ന് എഴുതുക

© State Assessment Cell - SCERT Kerala

c) ജലത്തിന്റെ ലായകശേഷി പ്രയോജനപ്പെടുത്തുന്ന സന്ദർഭം താഴെപ്പറയുന്നവയിൽ ഏത്?

i. ബോൾ പേനയുടെ മഷി മണ്ണെണ്ണ ഉപയോഗിച്ച് നീക്കം ചെയ്യുന്നത്.

ii. വസ്ത്രങ്ങൾ അലക്കുന്നത്

iii. ശീതളപാനീയങ്ങൾ ഉണ്ടാക്കുന്നത്

iv. അരി വേവിച്ച് ചോറ് ഉണ്ടാക്കുന്നത്

**A.** ii, iii എന്നിവ ശരി

**B.** iii മാത്രം ശരി

**C.** ii, iv എന്നിവ ശരി

**D.** i, iv എന്നിവ ശരി

© State Assessment Cell - SCERT Kerala